(എ) കേരളത്തിലെ ഇൻഡസ്ട്രീയൽ ട്രെയിനിംഗ് സ്കൂളുകളിലെ തയ്യൽ ടീച്ചർമാർക്ക് യാതൊരു സേവന വേതന വ്യവസ്ഥകളും ഇതുവരെ നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിന് ഇതിന്റെ ചുമതലയുള്ള വിദ്യാഭ്യാസ വകുപ്പ് ധനകാര്യ വകുപ്പിന്റെ മുമ്പിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ വച്ചിട്ടുണ്ടോ ;

(സി) ഈ പ്രശ്നത്തിൽ കായംകുളം, എം.എൽ.എ നിയമസഭയിൽ അവതരിപ്പിച്ച സബ്മിഷനെ തുടർന്ന് വിദ്യാഭ്യാസ മന്ത്രി നൽകിയ ഉറപ്പിൻമേൽ ഒരു ഉദ്യോഗസ്ഥനെ കമ്മിഷനായി നിയമിച്ചു പഠനം നടത്തിയ ഫയൽ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഈ കാര്യത്തിൽ ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(ഇ) അശരണരായ ഈ തയ്യൽ ടീച്ചേഴ്സിന് ന്യായമായ ഒരു സേവന വേതന വ്യവസ്ഥ അംഗീകരിച്ചു കൊടുക്കാൻ ധനകാര്യ വകുപ്പു തയ്യാറാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുത്ത് ശുപാർശകൾ നടപ്പിലാക്കുന്നതിനോടു നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവിന്റെ വെളിച്ചത്തിൽ ധനവകുപ്പിനു യോജിപ്പില്ലെന്നു ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(ഇ) ഇന്നത്തെ സാമ്പത്തിക ചുറ്റുപാടിൽ കൂടുതൽ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുന്നതിന് കഴിയുകയില്ല.

കേന്ദ്ര നികുതി വിഹിതം

17 (1289) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ കേന്ദ്ര നികുതി വിഹിതമായി ഓരോ വർഷവും എത്ര തുക ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഏത് തത്വങ്ങൾ അനുസരിച്ചാണ് കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്കു നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര വിഹിതം കുറച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(ഡി) എങ്കിൽ ഏതു തത്വമനുസരിച്ചാണ് കുറച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	വർഷം	കേരളത്തിനു ലഭിച്ച കേന്ദ്ര വിഹിതം
	1996-97	1242.65 കോടി
	1997-98	1271.70 "
	1998-99	1382.30 "
	1999-2000	1535.22 "

(ബി) കേന്ദ്ര നികുതി വിഭജനത്തിന് പതിനൊന്നാം ധനകാര്യ കമ്മീഷൻ സ്വീകരിച്ചിരിക്കുന്ന അടിസ്ഥാന മാനദണ്ഡങ്ങൾ ഇനി പറയും പ്രകാരമാണ്. ജനസംഖ്യ-10%, സംസ്ഥാനത്തിന്റെ വരുമാനം-62.5%, ഇൻഫ്രാസ്ട്രക്ചർ സൂചിക-7.5%, സംസ്ഥാനത്തിന്റെ വിസ്തീർണ്ണം -7.5%, നികുതി പരിശ്രമങ്ങൾ -5%, സാമ്പത്തിക അച്ചടക്കം-7.5%.

(സി) കുറച്ചിട്ടുണ്ട്.

(ഡി) പതിനൊന്നാം ധനകാര്യ കമ്മീഷൻ കേന്ദ്ര വിഭവ വിഭജനം, മൊത്ത വരുമാനത്തിന്റെ 29% എന്നതിൽ നിന്ന് ശിഷ്ടവരുമാനത്തിന്റെ 29.5% എന്നാക്കി നിജപ്പെടുത്തി. എന്നാൽ കേരളത്തിനുള്ള കേന്ദ്ര നികുതി വിഹിതം 3.859% എന്നതിൽ നിന്ന് 3.057 എന്നാക്കി കുറച്ചു. തൽഫലമായി സഹായധനത്തിന്റെ വിഹിതവും 2.49.% എന്നതിൽ നിന്ന് 1.39% ആയി കുറഞ്ഞു.

ട്രഷറികളുടെ എണ്ണം

18 (1293) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ട്രഷറി വകുപ്പിൽ എത്ര ട്രഷറികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇതിൽ ബാങ്കിംഗ് ട്രഷറികൾ എത്ര ; നോൺ ബാങ്കിംഗ് ട്രഷറികൾ എത്ര ; വിശദ വിവരം ലഭ്യമാക്കാമോ ;

(സി) ബാങ്കിംഗ് ട്രഷറികൾ വഴി ഇടപാടു നടത്തുന്നതിനാൽ കമ്മിഷൻ ഇനത്തിൽ പ്രതിവർഷം എത്ര കോടി രൂപ ബാങ്കുകാർക്ക് നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) മുഴുവൻ ധന ഇടപാടുകളും ട്രഷറി വകുപ്പ് നേരിട്ട് കൈകാര്യം ചെയ്യുന്നതിനും ഇതിനാവശ്യമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദ വിവരം ലഭ്യമാക്കാമോ ;

(ഇ) ട്രഷറി വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ എത്ര ട്രഷറി ആഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് ;

(എഫ്) ഇതിനായി പ്രതിമാസം എന്തു തുക വാടക ഇനത്തിൽ ചെലവാകുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly